# ഈമാൻ ദുർബലമാകാനുള്ള കാരണങ്ങൾ

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദ്*
**ഗ്രന്ഥം:** ظاهرة ضعف الإيمان
**വിവർത്തനം:** അബൂഹന്ന പീരുമേട്

ഈമാൻ ദുർബലമാകാൻ പല കാരണങ്ങളുമുണ്ട്. ചിലതൊക്കെ അതിന്റെ ലക്ഷണങ്ങൾ വിവരിച്ചതിൽ ഉൾപ്പെട്ടിട്ടുണ്ട്; തിന്മ ചെയ്യുക, ദുൻയാവിന്റെ കാര്യത്തിൽ വ്യാപൃതനാവുക തുടങ്ങിയവ.[1] മറ്റു ചില കാരണങ്ങൾ കൂടി താഴെ പ്രതിപാദിക്കുന്നു.

**1. ഈമാനികമായ അന്തരീക്ഷത്തിൽ നിന്നും ദീർഘകാലത്തേക്ക് അകന്ന് നിൽക്കൽ:**

ഇത് ഈമാനിനെ ദുർബലപ്പെടുത്തും. അല്ലാഹു പറയുന്നു:

ألم يأن للذين آمنوا أن تخشع قلوبهم لذكر الله وما نزل من الحق ولا يكونوا كالذين أوتوا الكتاب من قبل فطال عليهم الأمد فقست قلوبهم وكثير منهم فاسقون

“വിശ്വാസികൾക്ക് അവരുടെ ഹൃദയങ്ങൾ അല്ലാഹുവിനെ പറ്റിയുള്ള സ്മരണയിലേക്കും, അവതരിച്ചു കിട്ടിയ സത്യത്തിലേക്കും കീഴൊതുങ്ങുവാനും തങ്ങൾക്ക് മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കുവാനും സമയമായില്ലേ? അങ്ങനെ ആ വേദക്കാർക്ക് കാലം ദീർഘിച്ച് പോകുകയും തൻമൂലം അവരുടെ ഹൃദയങ്ങൾ കടുത്തുപോകുകയും ചെയ്തു. അവരിൽ അധികമാളുകളും ദുർമാർഗികളാകുന്നു.”(57:16).

ദീർഘകാലം ഈമാനികമായ പരിതസ്ഥിതിയിൽ നിന്നും മാറി ചെലവഴിച്ചാൽ ഹൃദയത്തിൽ ഈമാൻ ക്ഷയിച്ചു പോവുമെന്നാണ് ഈ ആയത്ത് സൂചിപ്പിക്കുന്നത്. ഉദാഹരണത്തിന് ജോലിയോ യാത്രയോ പോലുള്ള കാരണങ്ങളുമായി ബന്ധപ്പെട്ട് മുസ്‌ലിം സഹോദരങ്ങളിൽ നിന്ന് ദീർഘകാലത്തേക്ക് മാറി നിന്നാൽ, തന്റെ മനസ്സിന് ശക്തി പകർന്ന ഈമാനിക അന്തരീക്ഷം നഷ്ടപ്പെടും. ഹസനുൽ ബസ്വരി رحمه الله പറഞ്ഞു:

إخواننا أغلى عندنا من أهلينا فأهلونا يذكروننا الدنيا ، وإخواننا يذكروننا بالآخرة

“നമ്മുടെ കുടുംബങ്ങളെക്കാളും പ്രിയപ്പെട്ടതാണ് നമ്മുടെ ആദർശസഹോദരങ്ങൾ. കാരണം കുടുംബങ്ങൾ ഈ ലോകത്തെക്കുറിച്ച് ഓർമപ്പെടുത്തുമെങ്കിൽ ആദർശസഹോദരങ്ങൾ പരലോകത്തെക്കുറിച്ച് ഓർമപ്പെടുത്തും”.

[1] http://salafivoice.com/classroom/Eman_Durbalamakunnathinte_Lakshanangal.pdf

ഈ അസാന്നിധ്യം വളരെ കാലത്തേക്ക് നീണ്ടു നിന്നാൽ, മനസ്സിൽ അകൽച്ചയുണ്ടാവുകയും ദീനീ അന്തരീക്ഷത്തെ പുച്ഛിച്ച്, ഈമാനിക പ്രഭ നഷ്ടപ്പെടുത്തി മനസ്സ് അന്ധകാരത്താൽ കഠിന മാവുകയും ചെയ്യും. മറ്റു നാടുകളിലേക്ക് യാത്ര പോവുകയും ജോലി, വിദ്യാഭ്യാസം എന്നീ ആവശ്യ ങ്ങൾക്കായി മാറിത്താമസിക്കുകയും ചെയ്യുന്നവരിലൊക്കെ ഇത്തരം മനംമാറ്റം ദർശിക്കാൻ കഴിയുന്ന താണ്.

**2. ധർമബോധമുള്ള നേതാക്കളുടെ മാതൃകയിൽ നിന്നും മാറിനിൽക്കൽ:**

നല്ല മനുഷ്യനിൽ നിന്നും ഒരാൾ വിജ്ഞാനം നേടിയാൽ ഉപകാരപ്രദമായ അറിവ് സമ്പാദിക്കാനും നല്ല പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് ഈമാനിനെ ദൃഢമാക്കാനും കഴിയും. ആ നേതാവ് വിജ്ഞാ നവും നല്ല നിഷ്ഠകളും ഗുണങ്ങളും അയാളിലേക്ക് പകർന്നു നൽകും. ആ മാർഗദർശകനിൽ നിന്നും അൽപകാലത്തേക്ക് നാം മാറി നിന്നാൽ ഹൃദയത്തിൽ കാഠിന്യം അനുഭവപ്പെടും. ഇക്കാരണ ത്താലാണ് നബിﷺയുടെ വിയോഗത്തിന് ശേഷം സ്വഹാബികൾ പറഞ്ഞത്: فأنكرنا قلوبنا ''ഞങ്ങളുടെ മനസ്സിലേക്ക് നോക്കുമ്പോൾ ഒരു അഗാധമായ മാറ്റം നടന്നതുപോലെ തോന്നുന്നു.'' അവരുടെ ഗുരുവും മാതൃകയുമായ റസൂൽﷺ മരണപ്പെട്ടപ്പോൾ അവർക്ക് അകൽച്ചയും നഷ്ടവും അനുഭവപ്പെ ട്ടു. ചില പ്രസിദ്ധ വചനങ്ങളിൽ അവരുടെ വിശേഷണം ഇപ്രകാരം വന്നിരിക്കുന്നു: كالغنم في الليلة الشاتية المطيرة ''മഴയുള്ള തണുത്ത രാത്രിയിൽ കഴിയുന്ന ചെമ്മരിയാടുകളെപ്പോലെ.''പക്ഷേ, നബിﷺ നിരവധി നേതാക്കളെ- നേതൃത്വം ഏറ്റെടുക്കാൻ കഴിയുന്ന യോഗ്യരും പ്രതിഭാശാലികളുമായവരെ- വിട്ടേച്ചാണ് പോയത്. അവർ ബാക്കിയുള്ളവർക്ക് ഉത്തമ മാതൃകകളായി മാറി. ഇന്ന് മുസ്‌ലിംകൾക്ക് ഇത്തരം ഉത്തമ മാതൃകകളിലുള്ള നേതാക്കളെ വളരെ അത്യാവശ്യമാണ്.

**3. ഹൃദയത്തിന് ജീവൻ നൽകുന്ന വിശ്വാസഗ്രന്ഥങ്ങളും മുൻഗാമികളുടെ ഗ്രന്ഥങ്ങളുമായി സമ്പർക്കം പുലർത്താതെ വിജ്ഞാനം കരസ്ഥമാക്കുന്നതിൽ നിന്നും വളരെ അകന്നു നിൽക്കൽ:**

മനസ്സിനെ ഈമാൻകൊണ്ട് സ്വാധീനിക്കാനും ആത്മീയമായ ബലത്തെ പ്രോത്സാഹിപ്പിക്കാനും ഉത കുന്ന നിരവധി ഗ്രന്ഥങ്ങൾ ഉണ്ട്. ഒന്നാമതായി മഹോന്നതനായ അല്ലാഹുവിന്റെ ഗ്രന്ഥവും (ഖുർആ നും) ഹദീഥ് ഗ്രന്ഥങ്ങളും പിന്നീട് പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളും. ഹൃദയത്തെ ശാന്തമാക്കുന്നതും നവീകരിക്കുന്നതും ആത്മാവിനെ ചലിപ്പിക്കുന്ന രീതിയിൽ വിശ്വാസത്തെ വിശദീകരിക്കുന്നതുമായ നല്ല രചനകൾ- ഇബ്നുൽഖയ്യിം, ഇബ്നുറജബ് തുടങ്ങിയവരുടെയും മറ്റും. ഇത്തരം ഗ്രന്ഥങ്ങളെ അവഗണിച്ചുകൊണ്ട് ബുദ്ധിപരമായ ഗ്രന്ഥങ്ങളും തെളിവുകൾ ഉദ്ധരിക്കാത്ത ഫിഖ്ഹ് ഗ്രന്ഥങ്ങളും വ്യാകരണഗ്രന്ഥങ്ങളും ചില ഉസൂൽ (നിദാന ശാസ്ത്ര) ഗ്രന്ഥങ്ങളും മാത്രം വായിക്കുക എന്നത് മനസ്സിന് കാഠിന്യം ഉണ്ടാക്കും. മേൽ പറഞ്ഞ ഗ്രന്ഥങ്ങളെ വിമർശിക്കുകയല്ല, മറിച്ച് തഫ്സീറുക ളിൽ നിന്നും ഹദീഥ് ഗ്രന്ഥങ്ങളിൽ നിന്നുമൊക്കെ അകന്ന് നിൽക്കുകയോ അൽപം മാത്രം അത് വായിക്കുകയോ ചെയ്യുന്നവരെ ഒന്ന് താക്കീത് ചെയ്യുക മാത്രമാണ് ഉദ്ദേശ്യം. കാരണം തഫ്സീർ, ഹദീഥ് ഗ്രന്ഥങ്ങൾ എന്നിവ മനുഷ്യനെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നവയാണ്. ഒരാൾ സ്വഹീ ഹുൽ ബുഖാരിയും സ്വഹീഹു മുസ്‌ലിമും വായിക്കുകയാണെങ്കിൽ നബിﷺയുടെയും സഹാബത്തി ന്റെയും കാലത്തിലെ അന്തരീക്ഷം അനുഭവിച്ചറിയും. ആ സമയത്ത് നടന്ന സംഭവങ്ങളിൽ നിന്ന് ഈമാനിന്റെ ഇളംകാറ്റ് അനുഭവിക്കുകയും ചെയ്യും.

ഹദീഥിന്റെ ആളുകൾ എന്നാൽ നബിﷺയുടെ ആളുകൾ ആണ്. അവർ പ്രവാചകൻﷺയോടൊപ്പം സഹവസിച്ചിട്ടില്ലെങ്കിലും അവരുടെ മനസ്സുകൾ നബിﷺയുടെ വാക്കുകളോടൊപ്പം സഹവസിക്കുന്നു. മതഗ്രന്ഥങ്ങളിൽ നിന്നും അകന്നുനിൽക്കുകയെന്ന കാര്യം ഇസ്‌ലാമുമായി യാതൊരു ബന്ധവു മില്ലാത്ത മേഖലകളിൽ പഠനം നടത്തുന്നവരെ ശരിക്കും ബാധിക്കുന്നതാണ്-ഫിലോസഫി, മനഃ

ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം തുടങ്ങിയ വിജ്ഞാന ശാഖകൾ ഉദാഹരണം. കഥകളും നോവലുകളും ദിനപത്രങ്ങളിലെയും വാരികകളിലെയും മറ്റും സംഭവകഥകളും ഒക്കെ വായിക്കാൻ ഇഷ്ടപ്പെടുന്നവരുടെയും അവസ്ഥ ഇതു തന്നെയാണ്.

**4. തിന്മനിറഞ്ഞ പരിതസ്ഥിതികളിൽ ജീവിക്കൽ:**

ദുഷ്ചെയ്തികളെ സംബന്ധിച്ച് വീമ്പിളക്കുന്നവർ, ജനപ്രീതിയാർജ്ജിച്ച പാട്ടുകൾ മൂളി നടക്കുന്നവർ, പുകവലിക്കുന്നവർ, ലൈംഗികാസ്വാദ്യകരമായ പുസ്തകങ്ങൾ വായിക്കുന്നവർ, ദൈവനിന്ദയും ശാപവാക്കുകളും പറയുന്നവർ, അങ്ങനെ തിന്മകൾ നിറഞ്ഞ അന്തരീക്ഷം. ഒരാൾ മറ്റൊരാളോട് പറഞ്ഞത് പറയുക, സൊറ പറഞ്ഞിരിക്കുക, അപവാദവും ഏഷണിയും പറയുക, ഏറ്റവും പുതിയ മത്സരങ്ങളെക്കുറിച്ചൊക്കെ ചർച്ചകളിൽ ഏർപ്പെടുക അങ്ങനെ നീണ്ടുപോകുന്നു (അനാവശ്യങ്ങളും തിന്മകളും).

ചില സാഹചര്യങ്ങൾ- ജോലിസ്ഥാപനങ്ങൾ, സദസ്സുകൾ പോലെയുള്ളവ- ഈ ദുൻയാവിനെക്കുറിച്ച് മാത്രമേ ഓർമിപ്പിക്കുകയുള്ളു. ഭൂരിപക്ഷം സംസാരങ്ങളിലും ബിസിനസ്സ്, ജോലി, സമ്പത്ത്, നിക്ഷേപം, ജോലി സംബന്ധമായ പ്രശ്നങ്ങൾ, ഉയർച്ചകൾ, സ്ഥാനക്കയറ്റങ്ങൾ, കർത്തവ്യങ്ങൾ എന്നിവയെക്കുറിച്ചൊക്കെയാണ് ചർച്ച ചെയ്യുക.

മുസ്‌ലിംകളെ നാണിപ്പിക്കുന്നതും വളരെയധികം മുറിവേൽപ്പിക്കുന്നതുമായ ധാരാളം കുഴപ്പങ്ങളും ദുർനടപ്പുകളുമാണ് ഇന്ന് വീടുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. വൃത്തികെട്ട പാട്ടുകൾ, നീചവും ആഭാസകരവുമായ സിനിമകൾ, പരപുരുഷന്മാരുമായി നിരോധിക്കപ്പെട്ട ഇടകലരലുകൾ, അങ്ങനെ ധാരാളം സംഗതികൾ ഇന്ന് മുസ്‌ലിം വീടുകളിൽ കാണാൻ കഴിയും. ഇത്തരം സാഹചര്യങ്ങളിൽ മനസ്സുകൾ കറുത്തിരുണ്ടു പോകുമെന്നതിൽ സംശയമില്ല.

**5. ചിന്ത ദുൻയാവിനെക്കുറിച്ച് മാത്രമാകൽ.**

ഹൃദയം അതിന് അടിമപ്പെട്ടുപോകും. നബിﷺപറഞ്ഞു:

تعس عبد الدينار ، وعبد الدرهم

‘‘ദീനാറിന്റെയും ദിർഹമിന്റെയും അടിമ നശിച്ചിരിക്കുന്നു.’’ (ബുഖാരി: 2730).

إنما يكفي أحدكم ما كان في الدنيا مثل زاد الراكب

‘‘ഈ ലോകത്ത് നിങ്ങളിൽ ഏതൊരാൾക്കും ഒരു യാത്രക്കാരന് വേണ്ട പാഥേയം മാത്രം മതി.’’ (ത്വബ്റാനി: 4/78, സ്വഹീഹുൽ ജാമിഅ് 2384). അതായത് തന്റെ ലക്ഷ്യത്തിലെത്തുന്നതിന് യാത്രയിൽ ആവശ്യമായ വളരെ കുറച്ചു സാധനങ്ങൾ.

ലൗകിക ജീവിതത്തിന്റെ അതിപ്രസരം ഇന്ന് വളരെ പ്രത്യക്ഷമാണ്. ഭൗതികമായ അത്യാർത്തിയും കച്ചവടവസ്തുക്കൾ വാങ്ങിക്കൂട്ടുന്നതിനുള്ള ആസക്തിയും വർധിച്ചു വരികയാണ്. കച്ചവടത്തിന്റെയും ഉൽപാദനത്തിന്റെയും ഓഹരിയുടെയുമൊക്കെ പിന്നാലെ മനുഷ്യൻ ഓടിക്കൊണ്ടിരിക്കുകയാണ്. നബിﷺ പറഞ്ഞു:

إن الله عز وجل قال : إنا أنزلنا المال لإقام الصلاة وإيتاء الزكاة ولو كان لابن آدم واد لأحب أن يكون إليه ثان ولو كان له واديان لأحب أن يكون إليهما ثالث ، ولا يملأ جوف ابن آدم إلا التراب ثم يتوب الله على من تاب

''മഹത്വസമ്പൂർണനനും പ്രതാപിയുമായ അല്ലാഹു പറയുന്നു: നാം സമ്പത്ത് ഇറക്കിയത് നമസ്കാരം നിലനിർത്താനും സകാത്ത് കൊടുക്കാനുമാണ്. പക്ഷേ, ആദമിന്റെ സന്തതിക്ക് ഒരു താഴ്വര കിട്ടിയാൽ അവൻ രണ്ടാമത്തേതിന് ആഗ്രഹിക്കും. അവന് രണ്ട് താഴ്വര കിട്ടിയാൽ മൂന്നാമത്തേതിന് ആഗ്രഹിക്കും. മണ്ണ് മാത്രമെ അവന്റെ വയറ് നിറക്കുകയുള്ളൂ. പിന്നീട്, പശ്ചാത്തപിക്കുന്നവന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കും.''(അഹ്മദ് 5/219; സ്വഹീഹുൽ ജാമിഅ്:1781).

**6. കുടുംബത്തോടും സന്താനങ്ങളോടും സമ്പത്തിനോടും മറ്റുമുള്ള ആസക്തി.**

അല്ലാഹു പറഞ്ഞു:

واعلموا أنما أموالكم وأولادكم فتنة

''നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണമാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക.''(8:28).

زين للناس حب الشهوات من النساء والبنين والقناطير المقنطرة من الذهب والفضة والخيل المسومة والأنعام والحرث ذلك متاع الحياة الدنيا والله عنده حسن المآب

''ഭാര്യമാർ, പുത്രൻമാർ, കൂമ്പാരമായിക്കൂട്ടിയ സ്വർണം, വെള്ളി, മേത്തരം കുതിരകൾ, നാൽകാലി വർഗങ്ങൾ, കൃഷിയിടം എന്നിങ്ങനെ ഇഷ്ടപെട്ട വസ്തുക്കളോടുള്ള പ്രേമം മനുഷ്യർക്ക് അലങ്കാരമായി തോന്നിക്കപ്പെട്ടിരിക്കുന്നു. അതൊക്കെ ഇഹലോകജീവിതത്തിലെ വിഭവങ്ങളാകുന്നു. അല്ലാഹുവിന്റെ അടുക്കലാകുന്നു ( മനുഷ്യർക്ക് ) ചെന്നുചേരാനുള്ള ഉത്തമ സങ്കേതം.''(3:14).

ഈ ആയത്തുകളുടെ വിവക്ഷ ഒരാൾ അല്ലാഹുവിനും നബിﷺക്കും കൊടുക്കന്നുതിനേക്കാൾ മുൻഗണന മക്കളോടും സ്ത്രീകളോടുമുള്ള സ്നേഹത്തിനാണ് നൽകുന്നതെങ്കിൽ അത് വളരെ മോശപ്പെട്ട സംഗതിയാണ് എന്നത്രെ. എന്നാൽ ഈ സ്നേഹവും പ്രതിപത്തിയുമൊക്കെ ശരീഅത്തിന്റെ പരിധിക്കുള്ളിലാണെങ്കിൽ അത് അല്ലാഹുവിന് വിധേയനാകാനും അവനെ സ്തുതിക്കാനും പ്രേരിപ്പിക്കും. നബിﷺ പറഞ്ഞു:

حبب إلي من الدنيا النساء والطيب وجعل قرة عيني في الصلاة

''ഈ ദുൻയാവിൽ സ്ത്രീകളും സുഗന്ധവും എനിക്ക് പ്രിയപ്പെട്ടതാണ്. എന്നാൽ എല്ലാത്തിനെക്കാളും എനിക്ക് പ്രിയപ്പെട്ടത് നമസ്കാരമാണ്.'' (അഹ്മദ്: 3/128; സ്വഹീഹുൽ ജാമിഅ്: 3124).

ധാരാളം ആളുകൾ ഭാര്യമാരെ പിന്തുടർന്ന് പല ഹറാമായ പ്രവർത്തനങ്ങളിലും ഏർപ്പെടുകയും അല്ലാഹുവിനുള്ള ആരാധനകളിൽ നിന്ന് തങ്ങളുടെ മക്കളുടെ മനസ്സിനെ അകറ്റി നിർത്തുകയും ചെയ്യും. നബിﷺപറഞ്ഞു:

الولد محزنة مجبنة مجهلة مبخلة

''സന്താനങ്ങൾ ദുഃഖത്തിനും ഭീരുത്വത്തിനും അജ്ഞതക്കും പിശുക്കിനുമൊക്കെ കാരണമാണ്.''(ത്വബ്റാനി 24/241, സ്വഹീഹുൽ ജാമിഅ്: 1990).

പിശുക്ക് കൊണ്ടുള്ള വിവക്ഷ ഇതാണ്- ഒരു മനുഷ്യൻ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ വേണ്ടി ഉദ്ദേശിച്ചു, അപ്പോൾ പിശാച് അവന്റെ മക്കളെക്കുറിച്ച് അവനെ ഓർമിപ്പിച്ചു. അങ്ങനെ അവൻ ചിന്തിക്കും: 'എന്റെ മക്കൾ ആവശ്യമുള്ളവരാണ്, അതിനാൽ എന്റെ മക്കൾക്ക് വേണ്ടി അത് നീക്കിവെക്കാം.' അങ്ങനെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിൽ നിന്നും അദ്ദേഹം പിശുക്ക് കാണിച്ചു.

മക്കൾ ഭീരുത്വത്തിന് കാരണമാണ് എന്നതിന്റെ വിവക്ഷ- ഒരു മനുഷ്യൻ അല്ലാഹുവിന്റെ മാർഗ ത്തിൽ ജിഹാദിലേർപ്പെട്ട് യുദ്ധം ചെയ്യാൻ ഉദ്ദേശിച്ചാൽ പിശാച് വന്നിട്ട് പറയും: ''നീ കൊല്ലപ്പെട്ടാൽ നിന്റെ മക്കൾ ആരുമില്ലാത്ത അനാഥരായിത്തീരും.'' അങ്ങനെ അദ്ദേഹം ജിഹാദിന് പുറപ്പെടാതെ വീട്ടിൽ തന്നെ കഴിയും.

മക്കൾ അജ്ഞതക്ക് കാരണമാണ് എന്നു പറഞ്ഞതിന്റെ അർത്ഥം - വിജ്ഞാനസമ്പാദനത്തിനായി ഇൽമിന്റെ സദസ്സുകളിൽ പോകുന്നതിൽ നിന്നും, പുസ്തകങ്ങൾ വായിക്കുന്നതിൽ നിന്നും മക്കൾ അവരുടെ ശ്രദ്ധയെ തെറ്റിച്ചു കളയും.

മക്കൾ ദുഃഖത്തിന് കാരണമാണ് എന്നതുകൊണ്ടുദ്ദേശിക്കുന്നത് മക്കൾക്ക് രോഗം ബാധിച്ചാൽ മാതാ പിതാക്കൾ ദുഃഖിക്കും എന്നാണ്. പിതാവിനെക്കൊണ്ട് നിർവഹിച്ചുകൊടുക്കാൻ കഴിയാത്ത എന്തെ ങ്കിലും മക്കൾ ആവശ്യപ്പെട്ടാൽ അത് പിതാവിന് ദുഃഖമുണ്ടാക്കും. മക്കൾ വളർന്നു വലുതായി, പിതാ വിനെതിരായാൽ ദുഃഖത്തിനും പ്രയാസത്തിനും കാരണമാകും.

ഈ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത് വിവാഹവും കുട്ടികളുമെല്ലാം ഒഴിവാക്കാനല്ല; മറിച്ച് ഹറാമി ലേക്ക് നയിക്കപ്പെടുന്നതിൽ നിന്നും, കുടുംബം മക്കൾ എന്ന ചിന്ത മാത്രം ഉണ്ടാവുക എന്നതിൽ നിന്നും, സൂക്ഷ്മത പുലർത്തണം എന്ന് ഉണർത്താനാണ്.

സമ്പത്താകുന്ന പരീക്ഷണത്തെക്കുറിച്ച് നബിﷺപറഞ്ഞു:

إن لكل أمة فتنة ، وفتنة أمتي المال

''എല്ലാ ജനതക്കും അതിന്റെ ഫിത്ന(പരീക്ഷണം) ഉണ്ട്. എന്റെ ഉമ്മത്തിന്റെ ഫിത്ന സമ്പ ത്താണ്''(തിർമുദി 2336, സ്വഹീഹുൽ ജാമിഅ്: 2148).

ആട്ടിൽ പറ്റത്തെ ആക്രമിക്കുന്ന ചെന്നായയെക്കാൾ അപകടകരമാണ് ധനസമ്പാദനമെന്ന മോഹം ഒരു മനുഷ്യന്റെ ദീനിൽ ഉണ്ടാക്കുന്ന വിപത്ത്. ഈ സംഗതിയാണ് നബിﷺപറഞ്ഞത്:

ما ذئبان جائعان أرسلا في غنم بأفسد لها من حرص المرء على المال والشرف لدينه

''നല്ല വിശപ്പുള്ള രണ്ട് ചെന്നായ്ക്കൾ ഒരു ആട്ടിൻപറ്റത്തെ ആക്രമിച്ചാലുണ്ടാവുന്ന ആപത്തിനേ ക്കാൾ എത്രയോ വലുതാണ് ധനത്തോടുള്ള ആർത്തി മനുഷ്യന്റെ ദീനിലുണ്ടാക്കുന്ന വിപത്ത്'' (തുർമുദി: 2376, സ്വഹീഹുൽ ജാമിഅ്: 5620).

ഈ കാരണം കൊണ്ടാണ് അധികം ആഗ്രഹിക്കാതെ അത്യാവശ്യത്തിന് മാത്രം സമ്പാദിക്കാൻ മുസ്‌ലിംകളെ നബിﷺ പ്രോത്സാഹിപ്പിച്ചത്. അതിമോഹം അല്ലാഹുവിന്റെ സ്മരണയിൽ നിന്നും മനു ഷ്യനെ അകറ്റും. നബിﷺ പറഞ്ഞു:

إنما يكفيك من جمع المال خادم ومركب في سبيل الله

''നിങ്ങൾക്ക് സമ്പത്തിൽ ആകെ വേണ്ടത് ഒരു വേലക്കാരനും അല്ലാഹുവിന്റെ മാർഗത്തിൽ സഞ്ചരി ക്കാൻ ഒരു വാഹനവുമാണ്.'' (അഹ്മദ് 5/290, സ്വഹീഹുൽ ജാമിഅ് 2386).

ദാനധർമങ്ങളിൽ മുഴുകാതെ ധനം സമ്പാദിച്ചുകൂട്ടണമെന്ന് ആഗ്രഹിക്കുന്നവർക്ക് നബിﷺ മുന്നറി യിപ്പ് നൽകുന്നു:

ويل للمكثرين إلا من قال بالمال هكذا وهكذا وهكذا أربع عن يمينه وعن شماله ومن قدامه ومن ورائه

''ധനം സമ്പാദിച്ചുകൂട്ടുന്നവർക്ക് നാശം, തന്റെ വലത്തും ഇടത്തും മുൻപിലും പിന്നിലും ഉള്ളവരോട് തന്റെ ധനത്തെക്കുറിച്ച് ഇതാ ഇവിടെ, ഇവിടെ, ഇവിടെ എന്ന് പറയുന്നവരൊഴികെ.''(ഇബ്നുമാജ 4129, സ്വഹീഹുൽ ജാമിഅ്: 7137). കൂടുതലായി ദാനധർമത്തിലേർപ്പെടുന്നവരൊഴികെ എന്നർഥം.

**7. ദീർഘകാല ജീവിതത്തിന് ആഗ്രഹിക്കൽ:**

അല്ലാഹു പറയുന്നു:

ذرهم يأكلوا ويتمتعوا ويلههم الأمل فسوف يعلمون

''നീ അവരെ വിട്ടേക്കുക. അവർ തിന്നുകയും സുഖിക്കുകയും വ്യാമോഹത്തിൽ വ്യാപൃതരാകുകയും ചെയ്തു കൊള്ളട്ടെ. (പിന്നീട്) അവർ മനസ്സിലാക്കിക്കൊള്ളും.''(15:3).

അലിﷺ പറഞ്ഞു:

إن أخوف ما أخاف عليكم اتباع الهوى وطول الأمل فأما اتباع الهوى فيصد عن الحق وأما طول الأمل فينسي الآخرة

''ഞാൻ നിങ്ങളിൽ ഭയപ്പെടുന്നത് നിങ്ങളുടെ ഇച്ഛകളെ പിൻപറ്റലും ദീർഘകാലജീവിതത്തിനു വേണ്ടി ആഗ്രഹിക്കലുമാണ്. കാരണം ഇച്ഛകളെ പിൻപറ്റിയാൽ മനുഷ്യൻ സത്യത്തെ അവഗണിക്കും, ദീർഘായുസ്സ് ആഗ്രഹിക്കുന്നവൻ പരലോകം മറക്കും.'' (ഫത്ഹുൽ ബാരി 11/236).

മറ്റൊരു റിപ്പോർട്ടിൽ പറയുന്നു:

أربعة من الشقاء جمود العين وقسوة القلب وطول الأمل والحرص على الدنيا

''നാലു കാര്യങ്ങൾ നാശത്തിന് കാരണമാണ്: വരണ്ട കണ്ണുകൾ(ഒരിക്കലും കരയാത്തവ), കഠിന ഹൃദയം, ദീർഘായുസ്സിനുവേണ്ടിയുള്ള ആഗ്രഹം, ദുൻയാവിനോടുള്ള വർധിച്ച ആശ.''

ആരാധനകളിൽ അലസത, നന്മകൾ നീട്ടിവെക്കൽ (പിന്നീട് ചെയ്യാം എന്നുള്ള ചിന്ത), ഭൗതികകാര്യങ്ങളോടുള്ള ആസക്തി, പരലോകത്തെ ഗൗനിക്കാതിരിക്കൽ, ഹൃദയത്തിന്റെ കാഠിന്യം എന്നിവ ദീർഘായുസ്സിനോടുള്ള ആഗ്രഹം ജനിപ്പിക്കുന്ന കാര്യങ്ങളാണ്. കാരണം ശാന്തമായ ഹൃദയവും വിശുദ്ധമായ വീക്ഷണങ്ങളും കരസ്ഥമാക്കണമെങ്കിൽ മരണത്തെയും ഖബറിനെയും രക്ഷാശിക്ഷകളെയും അന്ത്യനാളിനെയും കുറിച്ചുള്ള ചിന്തകൾ സദാ ഉണ്ടായിരിക്കണം. അല്ലാഹു പറയുന്നു:

فطال عليهم الأمد فقست قلوبهم

''.....അങ്ങനെ അവർക്ക് കാലം ദീർഘിച്ച് പോകുകയും തന്മൂലം അവരുടെ ഹൃദയങ്ങൾ കടുത്തുപോവുകയും ചെയ്തു...'' (57:16)

ദീർഘായുസ്സ് ആഗ്രഹിക്കാത്ത ഒരാൾക്ക് അൽപം വേവലാതികൾ മാത്രമെ ഉണ്ടാവുകയുള്ളൂ. അവന്റെ ഹൃദയം പ്രകാശപൂർണമായിരിക്കും. കാരണം അയാളുടെ മനസ്സിൽ മരണത്തെക്കുറിച്ച ചിന്തയും അല്ലാഹുവിന് കീഴ്പ്പെടാനുള്ള ഉദ്യമവും ഉണ്ടാവും.

**8. ഈമാനിന്റെ ദൗർബല്യത്തിന്റെയും ഹൃദയ കാഠിന്യത്തിന്റെയും മറ്റു കാരണങ്ങൾ:**

അമിതമായി ഭക്ഷിക്കുക, ധാരാളം ഉറങ്ങുക, ദീർഘമായി രാത്രി വൈകിക്കുക (ഉണർന്നിരിക്കുക), കൂടുതലായി സംസാരിക്കുക, ജനങ്ങളുമായി കൂടുതൽ ഇടകലരുക. അമിതഭക്ഷണം ചിന്തയെ ശോഷിപ്പിക്കുകയും ശരീരഭാരം കൂട്ടുകയും ചെയ്യും. അല്ലാഹുവിനെ ആരാധിക്കുന്നതിൽ നിന്നും മനുഷ്യനെ തടഞ്ഞു നിർത്തുകയും പിശാചിന് അവനെ വഴിതെറ്റിക്കാൻ എളുപ്പമാവുകയും ചെയ്യും. ധാരാളമായി സംസാരിക്കുകയെന്നത് ഹൃദയത്തെ പരുഷമാക്കും. ഏകനായി തന്റെ കാര്യത്തെക്കുറിച്ച് ചിന്തിക്കുന്നതിൽ നിന്നും ജനങ്ങളുമായി കൂടുതലായുള്ള ഇടകലരൽ അവനെ തടഞ്ഞു നിർത്തുന്നതാണ്. കൂടുതലായി ചിരിക്കുന്നത് ഹൃദയത്തെ ജീവനില്ലാതാക്കും. നബിﷺപറഞ്ഞു:

لا تكثروا الضحك فإن كثرة الضحك تميت القلب

''നിങ്ങൾ ചിരി അധികരിപ്പിക്കരുത്, കാരണം അത് ഹൃദയത്തെ മരവിപ്പിക്കും.''(ഇബ്നുമാജ: 4193, സ്വഹീഹുൽ ജാമിഅ്).

അല്ലാഹുവിനെ ആരാധിക്കുന്നതിൽ സമയം ചെലവഴിക്കാതിരിക്കുന്നത് ഖുർആനിക ശാസനകളും ഈമാനിക ഉപദേശങ്ങളും ഉപകരിക്കാത്ത രൂപത്തിൽ ഹൃദയത്തെ കഠിനമാക്കും.

ഈമാനിന്റെ ദൗർബല്യത്തിന് ഇനിയും ധാരാളം കാരണങ്ങളുണ്ട്. അതെല്ലാം പ്രതിപാദിക്കുക അസാധ്യമാണ്. എങ്കിലും മേൽ വിവരിച്ച സംഗതികൾ തന്നെ മറ്റു കാരണങ്ങളെക്കുറിച്ചും വായനക്കാരനിൽ ഒരു ധാരണ ഉണ്ടാക്കും. വിവേകിയായ ഒരു മനുഷ്യന് നൈസർഗികമായി തന്നെ ഈ കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്. നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കാനും നമ്മുടെ തന്നെ തിന്മകളിൽ നിന്നും നമ്മെ സംരക്ഷിക്കാനും അല്ലാഹുവിനോട് സഹായം തേടുന്നു.